KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/Special days /2024 തീയതി: 14/08/2024

## പരിപത്രം

വിഷയം : സ്വാതന്ത്ര്യ ദിനം 2024 – കെ.എസ്.ഇ.ബി ലിമിറ്റഡിൽ ആഘോഷിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന – സർക്കാർ പരിപത്രം No. 95/Pol.5/2024/GAD dated 09.08.2024.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 77-ാം വാർഷികം 15.08.2024 വ്യാഴാഴ്ച രാജ്യമെമ്പാടും സമുചിതമായി ആഘോഷിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും 2024 ലെ സ്വാതന്ത്ര്യ ദിനം ഏറ്റവും വർണ്ണാഭമായ രീതിയിൽ ആഘോഷിക്കുവാൻ മേൽ സൂചന സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം കെ .എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും 15.08.2024 ന് (വ്യാഴം) സ്വാതന്ത്ര്യ ദിനം ആഘോഷിക്കുവാൻ ബന്ധപ്പെട്ട ഓഫീസ് /വകുപ്പ് മേധാവികൾ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ് . അന്നേദിവസം രാവിലെ 9 മണിക്കുശേഷം ദേശീയഗാനാലാപനത്തോടൊപ്പം സ്ഥാപന മേധാവി ദേശീയ പതാക ഉയർത്തേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രസംഗം , ദേശഭക്തിഗാനാലാപനം മുതലായവ നടത്തേണ്ടതാണ്. ദേശീയ പതാക ഉയർത്തുമ്പോൾ 2002 ലെ പതാക നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ. ബിജു പ്രഭാകർ IAS അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഡയറക്ടർമാരിൽ ഒരാൾ അന്നേ ദിവസം രാവിലെ 9.00 മണിക്കുശേഷം കെ.എസ്.ഇ.ബി ലിമിറ്റഡ് ആസ്ഥാനമായ പട്ടം വൈദ്യുതി ഭവൻ അങ്കണത്തിൽ ദേശീയഗാനാലാപനത്തോടൊപ്പം ദേശീയപതാക ഉയർത്തുന്നതായിരിക്കും. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രസംഗം , ദേശഭക്തിഗാനാലാപനം മുതലായവ ഉണ്ടായിരിക്കുന്നതാണ്. ആയതിന് ആവശ്യമായ ക്രമീകരണങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ , സിവിൽ ഡിവിഷൻ , വൈദ്യുതി ഭവൻ, പട്ടം സജ്ജീകരിക്കേണ്ടതാണ്.

സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ എല്ലാ ജീവനക്കാരും, ഓഫീസർമാരും, ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ട് പങ്കെടുക്കുന്നുണ്ടെന്ന് അതാത് ഓഫീസ്/വകുപ്പ് മേധാവികൾ ഉറപ്പുവരുത്തേണ്ടതും ഈ വിഷയം എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടുന്നതുമാണ്.

Sd/-

**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി, എസ്.സി.എം & ഐ.റ്റി)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, & പ്ലാനിംഗ്)/ടി. എ ടു ഡയറക്ടർ (ജനറേഷൻ, സിവിൽ)/ടി. എ ടു ഡയറക്ടർ (ജനറേഷൻ – ഇലക്ട്രിക്കൽ, റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.